ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

**നം.എസിഡി എസ്.പി.സി(1)/113828/18/എച്ച്.എസ്.ഇ.** **തീയതി. 27/12/2018**

## സർക്കുലർ

**വിഷയം-** ഹ.സെ.വി.-മുൻവർഷത്തെ (**2017-18**) മെറിറ്റ്-കം-മീൻസ്(ബി.പി.എൽ.) **എസ്.സി./എസ്.ടി. വിഭാഗം** സ്കോളർഷിപ്പ് - **ഇടുക്കി ജില്ല**യ്ക്കുള്ള തുക അനുവദിച്ചതു സംബന്ധിച്ച്.

സൂചന- 1) 12/12/2018 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
2) 18/12/2018 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

ജില്ലാ പഞ്ചായത്തുകളിൽ നിന്നും യഥാസമയം തെരഞ്ഞെടുക്കപ്പെട്ടവരുടെ പട്ടിക ലഭിക്കാതിരുന്നതു കാരണം, മുൻവർഷം (2017-18) 6 ജില്ലകൾക്കുള്ള തുക വിതരണം നടന്നിരുന്നില്ല. ആയതിൽ തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾക്ക് സൂചന (1) പ്രകാരം തുക വിതരണം ചെയ്തിട്ടുണ്ട്. തുക വിതരണം നടക്കാത്ത, **ഇടുക്കി ജില്ല**യ്ക്ക് സൂചന (2) പ്രകാരം തുക അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് dhse.kerala.gov.in പോർട്ടലിൽ ലഭ്യമാണ് (സ്കൂൾലോഗിനിൽ).

പ്രസ്തുത ഉത്തരവിൽ രണ്ടു പട്ടികകളുണ്ട്. പട്ടിക 'ബി' യിൽ ജില്ലാ പഞ്ചായത്തിൽ നിന്നും തെരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ വിശദാംശങ്ങളും, പട്ടിക 'എ' യിൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾക്കുള്ള തുകയുടെ വിശദാംശങ്ങളുമാണുള്ളത്.

**<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>**

- മുൻവർഷത്തെ (**2017-18**) പ്ലസ്വൺ, പ്ലസ്ടു ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

- പട്ടിക 'എ' യിൽ സൂചിപ്പിച്ച പ്രകാരം സ്കൂളുകൾക്കുള്ള തുക അതാത് പ്രിൻസിപ്പൽമാർക്ക് BIMS-ലേക്ക് അനുവദിക്കുന്നതാണ്. പ്രിൻസിപ്പൽമാർ ബില്ല് തയ്യാറാക്കുന്ന വേളയിൽ പട്ടിക 'ബി' യിൽ സൂചിപ്പിച്ച വിദ്യാർത്ഥികളുടെ അക്കൗണ്ട് വിശദാംശങ്ങൾ നൽകി, ട്രഷറിയിൽ നിന്നും തുക നേരിട്ട് വിദ്യാർത്ഥികൾക്ക് നൽകുകയാണ് ചെയ്യേണ്ടത്. ഇത് സംബന്ധിച്ച് ഉത്തരവിന്റെ അവസാന ഖണ്ഡികയിൽ പരാമർശിച്ചിട്ടുണ്ട്. തുക വിതരണം എത്രയും പെട്ടെന്നു തന്നെ പൂർത്തിയാക്കണമെന്നറിയിക്കുന്നു.

ഒപ്പ്

**ജോയിന്റ് ഡയറക്ടർ**
**(അക്കാഡമിക്)**